2017 ഡിസംബർ 8

**പത്രക്കുറിപ്പ് 4**

# സ്വതന്ത്രമായി ശ്വസിക്കാൻ കഴിയുന്നത് കേരളത്തിൽ മാത്രം - പ്രകാശ് രാജ്

രാജ്യത്ത് ഉയർന്നുവരുന്ന എല്ലാ പ്രതിഷേധങ്ങളെയും അടിച്ചമർത്തുന്ന സാഹചര്യത്തിൽ ഭയമില്ലാതെ ശ്വസിക്കാൻ കഴിയുന്നത് കേരളത്തിൽ മാത്രമാണെന്ന് തെന്നിന്ത്യൻ താരം പ്രകാശ് രാജ്. കേരള രാജ്യാന്തര ചലച്ചിത്രോത്സവത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതിഷേധങ്ങളെ നിശബ്ദമാക്കുമ്പോൾ കൂടുതൽ ശക്തമായ ശബ്ദങ്ങൾ ഉയർന്നുവരുമെന്ന് പ്രകാശ് രാജ് പറഞ്ഞു. കലാകാരനെന്ന നിലയിൽ സ്വന്തം ശബ്ദം കേൾപ്പിക്കേണ്ടത് തന്റെ കടമയാണ്. ഒരു കലാകാരൻ ഉയർന്നുവരുന്നത് അയാളുടെ സർഗ്ഗവൈഭവം കൊണ്ടുമാത്രമല്ല, സമൂഹത്തിൽ നിന്ന് ലഭിക്കുന്ന സ്നേഹവും അംഗീകാരവും കൊണ്ടുകൂടിയാണ്. ആ അർത്ഥത്തിൽ നിശബ്ദരാക്കപ്പെടുന്നവരുടെ ശബ്ദമായി മാറേണ്ടത് കലാകാരന്റെ ഉത്തരവാദിത്തമാണ്. ഇന്ന് നമ്മൾ ശബ്ദിക്കാതിരുന്നാൽ വരും തലമുറ ചിന്തിക്കാൻ പോലും ഭയപ്പെടും. ആവിഷ്കാര സ്വാതന്ത്ര്യത്തെ വിലക്കുന്നത് അപകടകരമായ പ്രവണതയാണെന്നും പ്രകാശ്‌രാജ് പറഞ്ഞു.

# ആദ്യപ്രദർശനത്തിനെത്തുന്നത് ഏഴ് ലോകസിനിമകൾ

രാജ്യാന്തരചലച്ചിത്രമേളയുടെ രണ്ടാം ദിവസമായ ഇന്ന് ഏഴ് ലോകസിനിമകളുടെ ആദ്യപ്രദർശനം നടക്കും. 'വില്ല ഡ്വേല്ലേഴ്സ്', 'ദി കൺഫെഷൻ', 'ദി സീൻ ആൻഡ് ദി അൺസീൻ', 'ഐസ് മദർ', 'ദി ബുച്ചർ, ദി ഹോർ ആൻഡ് ദി വൺ 'ഐഡ് മാൻ', 'ഡയറക്ഷൻസ്', 'ദി ഒറിജിനൽസ്' എന്നീ ചിത്രങ്ങളാണ് ഇന്ന് ആദ്യമായി പ്രദർശനത്തിനെത്തുന്നത്. പ്രേക്ഷകർ ഏറ്റവുമധികം കാത്തിരിക്കുന്ന 'ദി യംഗ് കാറൽ മാർക്സ്' എന്ന സിനിമയുടെ പ്രദർശനവും ഇന്ന് നടക്കും.
മോനിർ ഗെയ്ഡി സംവിധാനം ചെയ്ത 'വില്ല ഡ്വല്ലേഴ്സ്' എന്ന ചിത്രം ഇറാൻ-ഇറാഖ് യുദ്ധകാലത്തെ സൈനികരുടെ കുടുംബങ്ങളുടെ കഥയാണ് പറയുന്നത്.

തീവ്രമായ പ്രമേയമാണ് 'ദി സീൻ ആൻഡ് ദി അൺസീൻ' എന്ന ചിത്രത്തിന്റേത്. ആശുപതിമുറിയിൽ വെച്ച് പത്തുവയസുകാരിയായ ടാൻട്രി തന്റെ സഹോദരൻ അധികകാലം ജീവിച്ചിരിക്കില്ല എന്ന സത്യം

മനസ്സിലാക്കുന്നു. ജീവിതത്തെ താൻ ഒറ്റക്ക് നേരിടണമെന്ന യാഥാർത്ഥ്യം അവൾ മനസ്സിലാക്കുന്നു. കാമില അന്ദിനിയാണ് ചിത്രത്തിന്റെ സംവിധായിക.

മക്കളിൽ നിന്ന് അകന്നുകഴിയുന്ന വിധവയായ ഹനയുടെ ജീവിതത്തിൽ ബോണ എന്ന വ്യക്തി കടന്നുവരുന്നതും അവരുടെ ജീവിതത്തിൽ ഉണ്ടാകുന്ന വഴിത്തിരിവുകളുമാണ് ബോഡൻ സ്ളാമ സംവിധാനം ചെയ്ത ഐസ് മദറിന്റെ ഇതിവൃത്തം.

സംവിധായകൻ കൂടിയായിരുന്ന ഗ്രിഗറി എന്ന പുരോഹിതന ലില്ലി എന്ന സംഗീതാധ്യാപികയോട് തോന്നുന്ന ആകർഷണവും അനിയന്ത്രിതമായ അയാളുടെ വൈകാരികതയും തുറന്നുകാട്ടുന്ന ചിത്രമാണ് സസ ഉർഷാദെ സംവിധാനം ചെയ്ത 'ദി കൺഫെഷൻ'.



Mob : **8547976353, 9544917693**
email:**mediacell@iffk.in**